"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിൽ ചോമ്പാല ഉപജില്ലയിലെ ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി. രമ്യ.എസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 20147/2024 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2532/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 20147/2024 നമ്പർ റിട്ട് ഹർജിയിലെ 05/06/2024 തീയതിയിലെ വിധിന്യായം
2. ശ്രീമതി. രമ്യ.എസ് സമർപ്പിച്ച Ext. P8 റിവിഷൻ ഹർജി
3. ചോമ്പാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/09/2024, 17/02/2025 എന്നീ തീയതികളിലെ സി/1795/2024 നമ്പർ കത്ത്
4. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/09/2024 തീയതിയിലെ DEOVKA/1806/2024-B5 നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/09/2024 തീയതിയിലെ ജി2/19072/2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ ചോമ്പാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ യു.പി.എസ്.ടി ആയ ശ്രീമതി. രമ്യ.എസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 20147/2024 നമ്പർ റിട്ട് ഹർജിയിൻമേലുള്ള പരാമർശം 1 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 24/09/2024 -ന് കേൾക്കുകയുണ്ടായി.

**2.** ഹിയറിംഗ് വേളയിലെ ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-

**1.** **01-06-2019**-ന് എച്ച്.എം പ്രമോഷൻ വഴി നിലവിൽ വന്ന റിസൽട്ടന്റ് വ്യവസ്ഥാപിത യു.പി.എസ്.ടി ഒഴിവിലാണ് തനിക്ക് **06-06-2019 (School Re-opening date)** മുതൽ ചോമ്പാല ഉപജില്ലയിലെ ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ നിയമനം ലഭിച്ചത്.

**2.** തന്റെ മേൽ തസ്തികയിലെ ആദ്യനിയമനം ചോമ്പാല എ.ഇ.ഒ നിരസിക്കുകയുണ്ടായി. നിരസിക്കാനുള്ള പ്രധാനകാരണം വ്യവസ്ഥാപിതമായ തസ്തിക നിലവിലില്ല എന്നതായിരുന്നു. മറ്റ് തടസ്സവാദങ്ങളെല്ലാം പരിഹരിക്കപ്പെട്ടതുമാണ്.

**3.** ചോമ്പാല എ.ഇ.ഒ -വിന്റെ **17-07-2019**-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം മേൽ വർഷം യു.പി.എസ്.ടി കാറ്റഗറിയിൽ വ്യവസ്ഥാപിത **10** തസ്തികകൾ അനുവദിച്ചുത്തരവായിരുന്നു. മുൻവർഷമായ **2018-19** -ലും ഇതേ സ്റ്റാറ്റസ്കോ തന്നെയായിരുന്നു ടി കാറ്റഗറിയിൽ അനുവദിച്ചുത്തരവായത്.

**4.** **01-06-2019**-ന് എച്ച്.എം ആയി പ്രമോഷൻ ലഭിച്ച ശ്രീമതി. ഇന്ദിര. എൻ.എം-നെ എൽ.പി.എസ്.ടി കാറ്റഗറിയിൽ നിന്നുമുള്ള സ്ഥാനക്കയറ്റം വഴിയാണ് എച്ച്.എം ആയി പ്രമോട്ട് ചെയ്തത്.

**5.** പ്രധാനാധ്യാപികയായി പ്രമോഷൻ ലഭിച്ച ശ്രീമതി. ഇന്ദിര. എൻ.എം -ന്റെ എൽ.പി.എസ്.ടി ചുമതലയുള്ള ക്ലാസ്സ് എച്ച്.ടി.വി ആയി കണക്കാക്കി ചോമ്പാല എ.ഇ.ഒ തസ്തിക നിർണ്ണയ ഉത്തരവ് രേഖപ്പെടുത്തുന്നതിന് പകരം എച്ച്.ടി.വി യു.പി.എസ്.ടി അധിക തസ്തികയായി രേഖപ്പെടുത്തിയതാണ് അടിസ്ഥാനപരമായി സംഭവിച്ച പിഴവ് എന്ന വസ്തുത വളരെ വൈകിയാണ് തനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇതുകൊണ്ടാണ് താൻ **06-6-2019** മുതൽ നിലനിന്ന യു.പി.എസ്.ടി വ്യവസ്ഥാപിത തസ്തിക “എക്സസ്” ആണെന്ന കണ്ടെത്തലുകൾ ഉണ്ടായത്. ചുരുക്കത്തിൽ, നിയമനതീയതി മുതൽ എച്ച്.എം പ്രമോഷൻ തീയതിവരെ അതായത് **31-05-2019** വരെ എൽ.പി.എസ്.ടി

ആയിരുന്ന ശ്രീമതി. ഇന്ദിര. എൻ.എം-നെ യു.പി.എസ്.ടി ആയി വിദ്യാഭ്യാസ ഓഫീസർ കണക്കിലെടുത്തതു കൊണ്ടാണ് താൻ ജോലി ചെയ്ത യു.പി.എസ്.ടി വ്യവസ്ഥാപിത തസ്തിക നിലവിലില്ല എന്ന് ചോമ്പാല എ.ഇ.ഒ ഉത്തരവിറക്കിയത്. ഇതു കൊണ്ടു കൂടിയാണ് യു.പി.എസ്.ടി -യിൽ തന്റെ വ്യവസ്ഥാപിത തസ്തിക നിലവിലില്ലാത്ത സാഹചര്യം വന്നു ചേർന്നത്.

**6.** മേൽപ്രകാരം എൽ.പി.എസ്.ടി തസ്തികയിൽ നിന്നും എച്ച്.എം പ്രമോഷൻ ലഭിച്ച ശ്രീമതി. ഇന്ദിര.എൻ.എം -നെ ക്ലാസ്സ് ചുമതലയിൽ നിന്നും ഒഴിവാക്കിയ എച്ച്.ടി.വി അധിക തസ്തിക എൽ.പി.എസ്.ടി കാറ്റഗറിയിലായിരുന്നു ശരിയാംവിധം എ.ഇ.ഒ അനുവദിക്കേണ്ടിയിരുന്നത്. കാരണം, ഈ എച്ച്.ടി.വി അധിക തസ്തികയിൽ **51**എ അവകാശിയും, ടി.ടി.സി യോഗ്യതയുമുള്ള ശ്രീമതി. ശ്രീലേഖ.എം എന്നവർ സേവനത്തിൽ തുടരുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ **06-06-2019** മുതലുള്ള തന്റെ യു.പി.എസ്.ടി തസ്തിക നിയമനതീയതി മുതൽ വ്യവസ്ഥാപിതവുമാണ്.

**7.** **2019-2020** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരമുള്ള സഹാധ്യാപകരുടെ തൽസ്ഥിതി വിവരങ്ങൾ ചുവടെ പട്ടികയായി രേഖപ്പെടുത്തിക്കൊള്ളട്ടെ.

| ക്രമ നം. | പേര് | തസ്തിക | മറ്റു വിവരങ്ങൾ |
|---|---|---|---|
| **1** | **<u>H.M</u>**<br>ഇന്ദിര.എൻ.എം | എച്ച്.എം<br>(എൽ.പി.എസ്.ടി) | **01-06-2019** മുതൽ എൽ.പി.എസ്.ടി കാറ്റഗറിയിൽ നിന്നും എച്ച്.എം ആയി പ്രമോട്ട് ചെയ്ത് നിയമനാംഗീകാരം ലഭിച്ചു. യോഗ്യത ടി.ടി.സി. **31-05-2020**-ന് എച്ച്.എം ആയി വിരമിച്ചു. |
| **1** | **<u>UPST</u>**<br>ജയൻ.എം.എം | യു.പി.എസ്.ടി | **13-01-1999** മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |

| | | | |
|---|---|---|---|
| 2 | ബിന്ദു.ആർ | യു.പി.എസ്.ടി | 05-06-2002 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 3 | ബിജിത.പി | യു.പി.എസ്.ടി | 05-06-2002 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 4 | അജിത.പി.പി | യു.പി.എസ്.ടി | 02-09-2002 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. 01-06-2020 മുതൽ എച്ച്.എം ആയി പ്രമോട്ട് ചെയ്തു. |
| 5 | ഷീജ.ടി | യു.പി.എസ്.ടി | 02-06-2003 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 6 | സിന്ധു.എം.എം | യു.പി.എസ്.ടി | 02-06-2003 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 7 | ദീപ് രാജ്.കെ | യു.പി.എസ്.ടി | 01-06-2005 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 8 | അനു.പി | യു.പി.എസ്.ടി | 02-06-2008 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 9 | ശരണ്യ.എസ് | യു.പി.എസ്.ടി | 12-06-2018 മുതൽ നിയമനാംഗീകാരം ലഭിച്ചു. 24-09-2019 മുതൽ LWA യിൽ തുടരുന്നു. |
| | | | 06-06-2019 മുതൽ വ്യവസ്ഥാപിത യു.പി.എസ്.ടി തസ്തികയിൽ സേവനമാരംഭിച്ചു. പ്രസ്തുത തീയതി മുതലുള്ള നിയമനാംഗീകാരം |

| | | | |
|---|---|---|---|
| 10 | രമ്യ.എസ് | യു.പി.എസ്.ടി | ലഭിച്ചില്ല. 15-07-2024-ന് യു.പി.എസ്.ടി തസ്തിക നഷ്ടപ്പെട്ടതിനെതുടർന്ന് Retrenched ആയി പുറത്തു പോകേണ്ടി വന്നു. 51 A അവകാശിയായി മാറി. |
| 1 | **LPST**<br>സബീഷ്.പി.പി | എൽ.പി.എസ്.ടി | 13-01-1999 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 2 | സുധീഷ്.ആർ.എസ് | എൽ.പി.എസ്.ടി | 03-09-2006 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 3 | റോജ.വി.പി | എൽ.പി.എസ്.ടി | 02-06-2000 മുതൽ നിയമനാംഗീകാരത്തോടെ തുടരുന്നു. |
| 4 | ശ്രീലേഖ.എം | എൽ.പി.എസ്.ടി | HTV in Adl. LPST Post as a 51 A Climeant w.e.f 2017 still continuing as LPST |

8. 2019-20 വർഷം എ.ഇ.ഒ അനുവദിച്ച് ഉത്തരവായ സഹാധ്യാപക തസ്തികകൾ എച്ച്.എം 01, യു.പി.എസ്.ടി, എച്ച്.ടി.വി തസ്തിക കൂടാതെ 09 എച്ച്.ടി.വി യു.പി.എസ്.ടി 01, എൽ.പി.എസ്.ടി 04, എന്നിങ്ങനെയാണ്. താൻ മേൽ ചൂണ്ടിക്കാണിച്ച അടിസ്ഥാനപരമായ പിഴവ് പരിഹരിക്കപ്പെട്ടാൽ യു.പി.എസ്.ടി റഗുലർ തസ്തികകൾ 10, എച്ച്.ടി.വി എൽ.പി.എസ്.ടി 01, എൽ.പി.എസ്.ടി തസ്തികകൾ 03, ആകെ 04 എന്നീ ക്രമത്തിൽ 2019-20 -ലെ തസ്തിക നിർണ്ണയം പുനഃക്രമീകരിച്ചാൽ പരിഹരിക്കപ്പെടാവുന്ന വിഷയം മാത്രമേ ഇത് സംബന്ധിച്ചുള്ളൂ എന്ന വസ്തുത ഞാൻ സർക്കാർ മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. ആവശ്യമായി വരുന്ന പക്ഷം തുട വർഷങ്ങളിലേയും തസ്തിക നിർണ്ണയം മേൽപ്രകാരം പുനർനിർണ്ണയിക്കാനുള്ള നിർദ്ദേശം ചോമ്പാല എ.ഇ.ഒ-വിന് നൽകണമെന്നുള്ളതു കൂടിയാണ് തന്റെ അപേക്ഷ.

**9.** മേൽ വിവരിക്കപ്പെട്ട പ്രകാരം ടി സ്കൂളിന്റെ **2019-20** വർഷം മുതലുള്ള തസ്തികനിർണ്ണയ ഉത്തരവുകളിൽ എച്ച്.ടി.വി തസ്തിക എൽ.പി.എസ്.ടി ആയി കണക്കാക്കിക്കൊണ്ട് മേൽവർഷം മുതലുള്ള തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചാൽ അപ്രകാരം **06-06-2019** മുതൽ സേവനമനുഷ്ഠിച്ച യു.പി.എസ്.ടി വ്യവസ്ഥാപിത തസ്തികയിലെ തന്റെ നിയമനത്തിന് നിയമനാംഗീകാരം നൽകാൻ ചോമ്പാല എ.ഇ.ഒ-വിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവുണ്ടാകണമെന്നുള്ളതുകൂടിയാണ് തന്റെ അപേക്ഷ.

**10.** കെ.ഇ.ആർ അധ്യായം **XIV A** ചട്ടം **I** -ൽ നിഷ്ക്കർഷിച്ച പ്രകാരം തന്റെ **06-06-2019** മുതലുള്ള നിയമനത്തിന് അംഗീകാരം നൽകാനുള്ള യാതൊരു നടപടികളും നിയമനാധികാരിയിൽ നിന്ന് നാളിതുവരെ ഉണ്ടായില്ല എന്നത് അത്യന്തം ഖേദകരമായ വസ്തുതയാണ്. മാത്രമല്ല ഈ വിഷയത്തിൽ ചട്ടപ്രകാരമുള്ള ഒരു അപ്പീൽ പോലും മാനേജർ കൊടുത്തില്ല എന്നുള്ളത് സർക്കാർ സഗൗരവം പരിഗണിക്കണമെന്നുള്ളതും തന്റെ അപേക്ഷയാണ്. കെ.ഇ.ആർ അധ്യായം **XIV A** ചട്ടം **7** അനുശാസിക്കുന്ന പ്രകാരം ഫോം **27**-ൽ നിയമന ഉത്തരവ് ലഭിച്ച അധ്യാപികയാണ് താൻ. സ്റ്റാറ്റ്യൂട്ടുകളാൽ സുഭദ്രമായ എന്റെ നിയമനം **XIV A** ചട്ടം **1** പ്രകാരമുള്ള നിഷ്ക്കർഷത നിയമനാധികാരി ലംഘിച്ചതുകൊണ്ടാണ് സേവനമനുഷ്ഠിച്ച കാലയളവിൽ തനിക്ക് നിയമനാംഗീകാരം ലഭിക്കാതെ പോയത്.

**11.** ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ റെജിമോൾ **Vs AEO 2004(2) KLT 899** കേസിലെ **29-06-2004** -ലെ വിധിന്യായത്തിൽ എൽ.പി വിഭാഗത്തോട് കൂടി പ്രവർത്തിക്കുന്ന യു.പി സ്കൂളുകളിൽ എൽ.പി വിഭാഗം അധ്യാപകർ പ്രധാനാധ്യാപകരാവുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ എൽ.പി വിഭാഗത്തിൽ തന്നെ കണക്കാക്കി തസ്തിക നിർണ്ണയിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**12.** റെജിമോൾ **Vs State of Kerala 2004 (2) KLT 899** എന്ന വിധിന്യായം പുറപ്പെടുവിക്കുന്നതിന് ബഹു. ഹൈക്കോടതി പരിശോധനയ്ക്കെടുത്ത വിഷയം **"In a situation where the H.M of the UPS is a teacher qualified to teach only in**

**the LPS, whether the consequential reduction of posts should be in the UPS or LPS is the question to be decided in these cases."** എന്നതും സമാന്തരമായി ഉത്തരം തേടിയ ഒരു ചോദ്യം " **Whether a LPST can teach in UP class and vice versa?"** എന്നതുമായിരുന്നു. ഇവയിൽ രണ്ടാമത്തേതിന് മുൻ കാലങ്ങളിലെ മറ്റ് ചില വിധിന്യായങ്ങൾ ഉദ്ധരിച്ച് ബഹു. ഹൈക്കോടതി ബന്ധിതമായി നിർണ്ണയിച്ച മറുപടി. **"...there cannot be a dispute on the position that LPST cannot teach in an UP class"** എന്നതായിരുന്നു. കൂട്ടത്തിൽ **“Otherwise it will affect the functioning of the UP section"** എന്ന് ഇക്കാര്യത്തിൽ തീർത്തും നിലപാട് സ്വീകരിച്ചു. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ അധ്യായം **XXIII** ചട്ടം **1** ഉം, **5** ഉം ബഹു. കോടതി പരിഗണിച്ചു. ചട്ടം **1** പ്രകാരം ഒരു എൽ.പി സ്കൂളിൽ മൊത്തം എൽ.പി.എസ്.ടി മാരുടെ എണ്ണത്തിൽ നിന്നും ഒന്ന് കുറച്ച് യു.പി.എസ്.ടി തസ്തികകൾ അനുവദിക്കണമെന്നും ആണ് പ്രസ്തുത ചട്ടങ്ങൾ വിവക്ഷിക്കുന്നത്. ഇപ്രകാരം ചെയ്യുന്നത് ഒരു എൽ.പി.എസ്.ടി, എൽ.പി സ്കൂളിൽ പ്രഥമാധ്യാപകനാകുന്ന സാഹചര്യത്തിലും മാത്രമേ ബാധകമാകൂ എന്നും, നേരെ മറിച്ച്, സീനിയോറിറ്റി ലിസ്റ്റിലെ റാങ്കിംഗ് അനുസരിച്ച് ഒരു എൽ.പി സ്കൂൾ ടീച്ചർ ഒരു യു.പി സ്കൂളിൽ പ്രഥമാധ്യാപകനാകുന്ന സാഹചര്യമുണ്ടായാൽ ചട്ടം **1** -ലെ വ്യവസ്ഥ പരിഗണിച്ച് പ്രസ്തുത യു.പി സ്കൂളിൽ മൊത്തം എൽ. പി.എസ്.ടി-മാരുടെ എണ്ണത്തിൽ നിന്നും ഒന്ന് കുറച്ച് എൽ.പി.എസ്.ടി തസ്തിക അനുവദിക്കണമെന്നാണ് ചട്ടങ്ങളുടെ ആന്തരാർത്ഥമെന്നും ബഹു. ഹൈക്കോടതി പ്രസ്തുത വിധിയിലൂടെ വ്യാഖ്യാനിച്ചു തന്നിട്ടുണ്ട്.

ഏറ്റവും ഒടുവിലായി, തന്റേതിനു സമാനമായ വിഷയത്തിൽ തോടന്നൂർ ഉപജില്ലയിലെ കടമേരി യു.പി സ്കൂളിൽ ഒരു യു.പി.എസ്.ടി അധ്യാപികയ്ക്ക് മേൽപ്രകാരം നിയമനാംഗീകാരം നൽകിക്കൊണ്ടുള്ള **G.O (Rt) No. 5167/2024/Gedn dated 21-08-2024** പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ ആനുകൂല്യം തനിക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള ദയാവായ്പ ഉണ്ടാവണമെന്നും, അതിനനുസരിച്ചുള്ള ഒരു നിർദ്ദേശം ചോമ്പാല എ.ഇ.ഒ -വിന് നൽകിക്കൊണ്ടുള്ള ഉത്തരവുണ്ടാകണമെന്നും താൻ സർക്കാർ മുഖേന അപേക്ഷിക്കുകയാണ്.

3. മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-

ഓർക്കാട്ടേരി നോർത്ത് യുപി.സ്കൂളിലെ പ്രധാന അധ്യാപിക വിരമിച്ച ഒഴിവിൽ എൽ.പി.എസ്.ടി ആയ ശ്രീമതി. ഇന്ദിര എൻ.എം. -നെ 01-06-2019 മുതൽ പ്രധാന അധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 06-06-2019 -ന് യു.പി.എസ്.ടി ആയി ശ്രീമതി. രമ്യ.എസ് -നെ നിയമിച്ചിരുന്നു. (ഒഴിവ് യു.പി.എസ്.ടി -യിൽ ആയതിനാലാണ് രമ്യ.എസ് -നെ യു.പി.എസ്.ടി ആയി നിയമിച്ചത്) എന്നാൽ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനെ തുടർന്ന് അപ്പലറ്റ് അധികാരികളായ DEO, DPI എന്നിവർ നിയമനാംഗീകാര അപേക്ഷ നിരസിച്ചതിനെ തുടർന്ന് ഗവൺമെന്റിന് സമർപ്പിച്ച അപ്പീലും 20-10-2021 -ലെ സ.ഉ (സാധാ) നമ്പർ 4705/2021/പൊ.വി.വ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി.

പിന്നീട് ശ്രീമതി. ഇന്ദിര.എൻ.എം 31-05-2020 -ന് വിരമിച്ച ഒഴിവിൽ സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. അജിത പി.പി.യെ 01-06-2020 മുതൽ പ്രധാന അധ്യാപികയായി സ്ഥാനക്കയറ്റം നൽകി. ആയതിനാൽ യു.പി.എസ്.ടി ഒഴിവ് സംജാതമായി. പ്രസ്തുത ഒഴിവിൽ 06-06-2019 മുതൽ നിയമിച്ച ശ്രീമതി. രമ്യ.എസ് -നെ മാറ്റി നിയമിക്കണമെന്ന് അധ്യപികയും സംഘടനാ നേതാക്കളും എന്നോട് ആവശ്യപ്പെട്ടതിനാൽ 15-07-2021 മുതൽ ശ്രീമതി. രമ്യ.എസ് -നെ ശ്രീമതി. അജിത.പി.പി യു.പി.എസ്.ടി -യെ പ്രധാന അധ്യാപികയായി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ മാറ്റി നിയമിക്കുകയുണ്ടായി. രമ്യ.എസ് -ന്റെ 06-06-2019 മുതലുള്ള നിയമനം നിരസിച്ചപ്പോൾ അപ്പീൽ സമർപ്പിച്ചിട്ടില്ലെന്ന വാദം ശരിയല്ല.

ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 08-11-2023 -ലെ സി/37382/2022 ഉത്തരവ് പ്രകാരം അധ്യാപികയുടെ നിയമനം 15-07-2021 മുതൽ അംഗീകരിക്കപ്പെട്ടതോടെയാണ് അധ്യാപികക്ക് എൽ.പി.എസ്.ടി തസ്തികയിൽ യു.പി.എസ്.ടി ആയി 06-06-2019 മുതൽ നിയമനം ലഭിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കോടതിയെ സമീപിക്കുന്നത്.

ശ്രീമതി. രമ്യ.എസ് സമർപ്പിച്ച നിവേദനത്തിൽ ഒരിടത്തും അധ്യാപികക്ക് 15-07-

2021 മുതൽ നിയമനാംഗീകാരം ലഭിച്ച കാര്യമോ അധ്യാപികയുടെയും അധ്യാപികയുടെ സംഘടനാനേതാക്കൾ ആവശ്യപ്പെട്ട പ്രകാരമാണ് അധ്യാപികയെ 15-07-2021 മുതൽ മാറ്റി നിയമിച്ചതെന്നോ വ്യക്തമാകുന്നില്ല. അധ്യാപികയുടെ ഹർജിയിൽ അർദ്ധസത്യങ്ങൾ മാത്രമാണ് ഉള്ളതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

01-06-2019 മുതലുള്ള ശ്രീമതി. ഇന്ദിര.എൻ.എം.-നെ പ്രധാന അധ്യാപികയായി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ 16-07-2021 മുതൽ ഹൃദ്യ.എസ് എന്ന അധ്യാപികയെ എൽ.പി.എസ്.ടി ആയി നിയമിക്കുകയും അംഗീകാരത്തിനായി കാത്തിരിക്കുകയാണെന്നും അറിയിക്കുന്നു.

**4. സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-**

ചോമ്പാല ഉപജില്ലയിലെ ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ 51 എ അവകാശി എന്ന നിലയിൽ 2017 മുതൽ സേവനത്തിലിരിക്കുന്ന ശ്രീമതി. ശ്രീലേഖ.എം ടി.ടി.സി യോഗ്യതയുള്ള അധ്യാപികയും, എൽ.പി.എസ്.ടി -യായി സേവനഭംഗമൊന്നുമില്ലാതെ സർവ്വീസിൽ തുടർന്ന് വരുന്നവരുമാണെന്നും അധ്യാപിക 2019-20 വർഷം എൽ.പി.എസ്.ടി -യായി മൂന്നാം ക്ലാസ്സിന്റെ ചുമതലയാണ് വഹിച്ച് വന്നതെന്നും ടിയാരിയെ 2017-18 മുതൽ എച്ച്.ടി.വി അധിക തസ്തികയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

06/06/2019 -ന് യു.പി.എസ്.ടി -യായി നിയമിതയായ ശ്രീമതിയ രമ്യ.എസ് ബി.എഡ് യോഗ്യതയുള്ള അധ്യാപികയും, 2019-20 വർഷം ടിയാരി യു.പി വിഭാഗത്തിൽ 5-ാം ക്ലാസ്സിന്റെ ചുമതലവഹിച്ചാണ് മേൽ വർഷം മുതൽ സേവനമനുഷ്ഠിച്ചതെന്നും, 06/06/2019 മുതൽ 14/07/2021 വരെ ടി അധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ലെന്നും, 15/07/2021 മുതൽ 15/07/2024 വരെ ശ്രീമതി. രമ്യ.എസ് യു.പി.എസ്.ടി റഗുലർ തസ്തികയിൽ സേവനമനുഷ്ഠിച്ച് നിയമനാംഗീകാരത്തോടെ ശമ്പളാനുകൂല്യങ്ങൾ കൈപ്പറ്റിയവരാണെന്നും, 2024-25 വർഷത്തെ ചോമ്പാല എ.ഇ.ഒ -വിന്റെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രമ്യ.എസിന്റെ റഗുലർ യു.പി.എസ്.ടി തസ്തിക

കുട്ടികളുടെ എണ്ണക്കുറവിന്റെ ഫലമായി മേൽ തസ്തിക നഷ്ടപ്പെടുകയും ടിയാരി **15/07/2024** മുതൽ " **Retrenched**" ആയി സർവ്വീസിൽ നിന്നും പുറത്ത് പോവുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത കൂടി സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

**5. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-**

ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ **01/06/2019** -നു ഈ വിദ്യാലയത്തിലെ സീനിയർ അധ്യാപിക ശ്രീമതി. ഇന്ദിര. എൻ.എം -നെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി സംജാതമായ എൽ.പി.എസ്.ടി ഒഴിവിൽ ശ്രീമതി. രമ്യ.എസ് -നെ മാനേജർ **01/06/2019** മുതൽ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിദ്യാലയത്തിലെ തന്നെ സംരക്ഷണാനുകൂല്യ ത്തോടെ എച്ച്.ടി.വി തസ്തികയിൽ തുടരുന്ന അധ്യാപിക ശ്രീമതി. ശ്രീലേഖ.എം -നെ തിരികെ വിളിക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിച്ചുക്കൊണ്ട് ശ്രീമതി. രമ്യ.എസ് -ന്റെ നിയമനം നിരസിച്ചിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് (സാധ) നം. **02/2023** പൊ.വി.വ തീയതി **21/03/2023** പ്രകാരം എച്ച്.ടി.വി തസ്തികയിൽ തുടരുന്ന അധ്യാപികയെ പിന്നീട് വിദ്യാലയങ്ങളിൽ ഉണ്ടാവുന്ന ഒഴിവിൽ തിരിച്ചു വിളിക്കേണ്ടതില്ല എന്ന് ഉത്തരവാക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രമ്യ.എസ് -ന്റെ ഫയൽ റീ ഓപ്പൺ ചെയ്യുകയും തുടർന്നുള്ള പരിശോധനയിൽ **01/06/2019** -നു ഉണ്ടായ ഒഴിവ് എൽ.പി.എസ്.ടി ആയതിനാലും ശ്രീമതി. രമ്യ.എസ് **B.ed** യോഗ്യതയുള്ള അധ്യാപിക ആയതിനാലും ടിയാനെ എൽ.എൽ.പി -യിൽ ഉൾകൊള്ളാൻ സാധിച്ചിരുന്നില്ല. തുടർന്ന് മാനേജർ ശ്രീമതി. രമ്യ.എസ് -നെ ഇതേ വിദ്യാലയത്തിലെ പ്രധാനാധ്യാപിക **31/05/2021** -നു വിരമിക്കുകയും സീനിയർ യു.പി.എസ്.ടി അധ്യാപിക ശ്രീമതി. അജിത പി.പി-യെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി സംജാതമായ ഒഴിവിൽ **15/07/2021**-നു മാറ്റി നിയമിക്കുകയും ആയതു പരിശോധിച്ച് ശ്രീമതി. രമ്യ.എസ്-നു **15/07/2021** മുതൽ യു.പി.എസ്.ടി ആയി നിയമനം അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ അധ്യാപിക സേവനത്തിൽ തുടർന്ന് വരവേ **01/06/2019** മുതൽ തന്നെ ശ്രീമതി. രമ്യ.എസ് -നെ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അങ്ങേയ്ക്ക് ടിയാൻ നിവേദനം സമർപ്പിച്ചത്. ആയതു

പരിശോധിച്ചതിൽ ശ്രീമതി. രമ്യ.എസ് -നെ ഉൾക്കൊള്ളാൻ ആവശ്യമായ യു.പി.എസ്.ടി തസ്തിക 2019-20 വർഷം ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ ലഭ്യമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

<u>2019 -20 വർഷം അനുവദിച്ച തസ്തിക ചുവടെ കൊടുക്കുന്നു</u>

പ്രധാനാധ്യാപകൻ - 1

എച്ച്.ടി.വി (യു.പി) - 1

യു.പി.എസ്.ടി - 9

എൽ.പി.എസ്.ടി - 4

<u>നിയമനാംഗീകാരത്തോടെ സേവനത്തിൽ തുടരുന്ന അധ്യാപകൻ 2019-20</u>

| | |
|---|---|
| പ്രധാനാധ്യാപകൻ | 1 - ഇന്ദിര എൻ.എം |
| എച്ച്.ടി.വി (യു.പി) | 1 - ശ്രീലേഖ.എം |
| യു.പി.എസ്.ടി | 1 - അജിത പി.പി<br>2 - ജയൻ എം.എം<br>3 - ബിന്ദു.ആർ<br>4 - ബിജിത.പി<br>5 - ദീപ് രാജ്.കെ<br>6 - സിന്ധു എം.എം<br>7 - അനു .പി<br>8 - ശരണ്യ .എസ്<br>9 - ഷീജ .ടി |
| എൽ.പി.എസ്.ടി | 1 - സബീഷ് പി.പി<br>2 - റോജ വി.പി<br>3 - സുധീഷ് ആർ.എസ് |

മേൽ പറഞ്ഞ പ്രകാരം അധ്യാപകർ നിയമനംഗീകാരത്തോടെ തുടരുന്നതിനാൽ ശ്രീമതി. രമ്യ.എസ് -നെ യു.പി.എസ്.ടി -യിൽ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമല്ല.

എന്നാൽ ശ്രീമതി. രമ്യ.എസ് സമർപ്പിച്ച നിവേദനത്തിൽ പ്രധാനാധ്യാപകൻ, എച്ച്.ടി.വി എന്നീ തസ്തികകൾ മാറ്റി നിർത്തിയാൽ 10 തസ്തിക ലഭ്യമാണ് എന്ന് പറയുന്നുണ്ട്. ആയതു തെറ്റാണ്. പ്രധാനാധ്യാപകൻ, എച്ച്.ടി.വി എന്നീ തസ്തികകൾ മാറ്റി നിർത്തിയാൽ യു.പി -യിൽ 9 തസ്തിക മാത്രമേ ലഭ്യമായിട്ടുള്ളൂ. കൂടാതെ എച്ച്.ടി.വി തസ്തിക അനുവദിച്ചത് യു.പി -യിൽ 100 -ൽ കൂടുതൽ വിദ്യാർത്ഥികൾ ഉള്ളതിനാൽ ആണ്. പ്രൈമറി വിദ്യാലയങ്ങളിൽ എൽ.പി -യിൽ ഉണ്ടാവുന്ന ഒഴിവുകളിൽ ബി.എഡ് യോഗ്യതയുള്ള അധ്യാപകരെ നിയമിക്കാൻ പാടില്ല എന്നത് സർക്കാർ നേരത്തെ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് ശ്രീമതി. രമ്യ.എസ് -ന്റെ നിയമനം എൽ.പി -യിൽ 01/06/2019 മുതൽ പരിഗണിക്കാതിരുന്നത്. എന്നിരുന്നാലും ഇതേ വിദ്യാലയത്തിലെ പ്രധാനാധ്യാപിക 31/05/2021 -നു വിരമിക്കുകയും സീനിയർ യു.പി.എസ്.ടി അധ്യാപിക ശ്രീമതി. അജിത പി.പി -യെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി സംജാതമായ ഒഴിവിൽ 15/07/2021 മുതൽ ശ്രീമതി. രമ്യ.എസ് -നു നിയമനാംഗീകാരം നൽകി ഉത്തരവായിരുന്നു.

**6. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു :-**

കോഴിക്കോട് ജില്ലയിൽ ചോമ്പാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിൽ യു.പി.എസ്.ടി ആയ ശ്രീമതി. രമ്യ.എസ് -ന്റെ 06/06/2019 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിലെ സീനിയർ അധ്യാപികയായ ശ്രീമതി. ഇന്ദിര എൻ.എം -നെ 01/06/2019 മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. രമ്യ.എസ് -നെ 06/06/2019 മുതൽ യു.പി.എസ്.ടി ആയി മാനേജർ ആദ്യം നിയമിക്കുകയും പിന്നീട് മാനേജർ ശ്രീമതി. അജിത പി.പി 01/06/2020 -നു പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ

ഒഴിവിൽ **15/07/2021** മുതൽ യു.പി.എസ്.ടി ആയി ശ്രീമതി. രമ്യ.എസ് -നെ മാറ്റി നിയമിക്കുകയും പ്രസ്തുത നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊവിഷണലായി അംഗീകരിക്കുകയും ചെയ്തു. ശ്രീമതി. രമ്യ.എസ് -നു **06.06.2019** മുതൽ നിയമനം ലഭ്യമാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു.

ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂളിലെ സീനിയർ എൽ.പി.എസ്.ടി അധ്യാപികയായ ശ്രീമതി. ഇന്ദിര എൻ.എം -നെ **01/06/2019** മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ശ്രീമതി. രമ്യ.എസ് -നെ **06/06/2019** മുതൽ യു.പി.എസ്.ടി ആയി മാനേജർ നിയമിച്ചിരുന്നത്. പ്രസ്തുത വിദ്യാലയത്തിന്റെ **2019-20** വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം യു.പി വിഭാഗത്തിൽ **10** ഡിവിഷനുകൾ അനുവദിച്ചതിൽ ഒന്ന് കുറവ് ചെയ്ത് പ്രധാനധ്യാപക തസ്തിക അനുവദിക്കുകയും, ആയത് പ്രകാരം സ്കൂളിലെ സീനിയർ എൽ.പി.എസ്.ടി ശ്രീമതി. ഇന്ദിര എൻ.എം പ്രധാനാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമാവുന്നത് എൽ.പി വിഭാഗത്തിലായതിനാലും ബി.എഡ് യോഗ്യതയുള്ള ശ്രീമതി. രമ്യയെ എൽ.പി വിഭാഗത്തിൽ പരിഗണിക്കാൻ കഴിയുകയില്ല എന്നതിനാലും ശ്രീമതി. രമ്യ ബി.എഡ് ബിരുദധാരി ആയതിനാൽ എൽ.പി.എസ്.ടി തസ്തികയിൽ നിയമനത്തിന് അർഹതയില്ലെന്നു കാണിച്ചാണ് ശ്രീമതി. രമ്യ എസ് -ന്റെ അപ്പീൽ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളത്.

**Rejimol Vs Kerala**-യുടെ അടിസ്ഥാനത്തിൽ സർക്കാർ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിലും ടി വിധിയുടെ അടിസ്ഥാനത്തിലാണ് നിലവിൽ യുപി സ്കൂൾ പ്രധാനാധ്യപക പ്രമോഷന്റെ പരിണതഫലമായ ഒഴിവ് യുപിഎസ് ടി-യിലാണോ എൽ.പി.എസ്.ടി-യിലാണോ കണക്കാക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത്. അപ്രകാരം കണക്കാക്കുമ്പോൾ യു.പി.എസ്.ടി ആയി ജോലി ചെയ്തിരുന്ന പ്രധാനാധ്യാപൻ വിരമിക്കുമ്പോൾ മാത്രമേ പരിണത ഒഴിവുണ്ടായത് യു.പി.എസ്.ടി കാറ്റഗറിയിലാണെന്ന് കണക്കാക്കുവാൻ സാധിക്കകുയുള്ളു.

ശ്രീമതി. ഇന്ദിര എൻ.എം-ന് പ്രധാനാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനു മുൻപ് ഉണ്ടായിരുന്ന പ്രഥമാദ്ധ്യാപകൻ ശ്രീ ഉദയൻ എൻ **07/06/1983**-ൽ അസിസ്റ്റന്റ് ടീച്ചറായിട്ടാണ് സേവനത്തിൽ പ്രവേശിച്ചിരിക്കുന്നത്. ടി അധ്യാപകന് **01/04/2008**-നു പ്രാധാനാധ്യാപകനായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ശ്രീ ഉദയൻ.എൻ യു.പി.എസ്.ടി യിൽ ആണ് ക്ലാസ് എടുത്തിരുന്നത് എന്ന് എ.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ ടിയാൻ വിരമിച്ച വേളയിൽ ഒഴിവ് ഉണ്ടായിരിക്കുന്നത് യു.പി.എസ്.ടിയിലാണെന്ന് അനുമാനിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ റെജിമോൾ **Vs AEO 2004(2) KLT 899** കേസിലെ **29-06-2004** -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ശ്രീമതി. ഇന്ദിര.എൻ -ന് പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നല്കുമ്പോൾ സംജാതമാകുന്ന എൽ.പി.എസ്.ടി (എച്ച്.ടി.വി) ഒഴിവിലേക്ക് ശ്രീമതി. ശ്രീലേഖ.എം -നെ ഉൾക്കൊള്ളിച്ച് കൊണ്ട് ശ്രീ ഉദയൻ എൻ വിരമിച്ചപ്പോൾ സംജാതമായ യു.പി.എസ്.ടി ഒഴിവിൽ ശ്രീമതി. രമ്യ.എസ് -ന്റെ **06/06/2019** മുതലുള്ള നിയമനം ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി മറ്റ് വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് ചോമ്പാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**7.** അപ്രകാരം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **20147/2024** നമ്പർ റിട്ട് ഹർജിയിലെ പരാമർശം **1** വിധിന്യായം നടപ്പിൽ വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചോമ്പാല, കോഴിക്കോട്

മാനേജർ, ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂൾ, ഓഞ്ചിയം പി.ഒ, വടകര, കോഴിക്കോട് - **673308**

ശ്രീമതി രമ്യ. എസ്, യു.പി.എസ്.ടി, ഓർക്കാട്ടേരി നോർത്ത് യു.പി സ്കൂൾ, ഓഞ്ചിയം പി.ഒ, വടകര, കോഴിക്കോട് - **673308**

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 09-04-2025 16:45:46
സെക്ഷൻ ഓഫീസർ